ചികിത്സയുടെ അപര്യാപ്തത

ദരിദ്ര രാജ്യങ്ങളിൽ താമസിക്കുന്ന സ്ത്രീകൾക്കിടയിലാണ് ഒബ്സ്റ്റട്രിക് ഫിസ്റ്റുല കൂടുതലായി കണ്ടുവരുന്നത്. സങ്കീർണമായ പ്രസവങ്ങൾക്ക് ഉടനടി മതിയായ ചികിത്സ കിട്ടാതെവരുന്നതാണ് ഇതിന് കാരണം. വികസ്വര രാജ്യങ്ങളിൽ ഓരോ വർഷവും 50,000 മുതൽ 1,00,000 വരെ ഒബ്സ്റ്റട്രിക് ഫിസ്റ്റുല രോഗികൾ ഉണ്ടാകുന്നതായി പഠനങ്ങൾ ചൂണ്ടിക്കാട്ടുന്നു. സബ്സഹാറൻ ആഫ്രിക്ക, ഏഷ്യ, ലാറ്റിനമേരിക്ക, കരീബിയൻ രാജ്യങ്ങളിലാണ് ഈ രോഗം കൂടുതലായി കണ്ടുവരുന്നത്.

പൊതുവൃത്താന്തം

സപ്ലൈകോ ബക്രീദ് കിറ്റ് 26 വരെ

കൊച്ചി: ബലിപെരുന്നാളിന് പൊതുജനങ്ങൾക്ക് അവശ്യവസ്തുക്കളും സബ്സിഡി സാധനങ്ങളും ഉറപ്പാക്കി സപ്ലൈകോ. പെരുന്നാളിനോടനുബന്ധിച്ച് പത്തിനം സാധനങ്ങളടങ്ങിയ ബക്രീദ് സ്പെഷൽ കിറ്റും ഒരുക്കി.

സപ്ലൈകോ വിൽപനശാലകളിൽ മേയ് 26 വരെയാണ് കിറ്റ് ലഭ്യമാവുക. 1,101 രൂപയുടെ ഭക്ഷ്യസാധനങ്ങളാണ് 850 രൂപക്ക് പ്രത്യേക കിറ്റായി നൽകുന്നത്.

മൂന്നുകിലോ ബിരിയാണി അരി, ഒരുകിലോ പഞ്ചസാര, ഒരു ലിറ്റർ ശബരി വെളിച്ചെണ്ണ, ഒരുകിലോ ശബരി അപ്പം പൊടി, ശബരി ബ്രാൻഡിലുള്ള 250 ഗ്രാം ഗോൾഡ് ചായപ്പൊടി, 100 ഗ്രാം മീറ്റ് മസാല, 50 ഗ്രാം ഗരം മസാല, 100 ഗ്രാം ചിക്കൻ മസാല, 100 ഗ്രാം കുരുമുളകുപൊടി എന്നിവയാണ് കിറ്റിലുള്ളത്. ഏലക്കായ, ഗ്രാമ്പു എന്നിവ ഉൾപ്പെടുന്ന 50 ഗ്രാം മസാലക്കൂട്ടും കിറ്റിലുണ്ട്.

നഴ്സുമാരുടെ സേവനം

എന്തുകൊണ്ട് അവശ്യ സർവിസായി പ്രഖ്യാപിക്കുന്നില്ല? -ഹൈകോടതി

» അർഹമായ വേതനം ലഭിക്കുന്നില്ലെങ്കിൽ നിയമ മാർഗങ്ങൾ തേടണം

സ്വന്തം ലേഖകൻ

കൊച്ചി: നഴ്സിങ് സേവനത്തെ എന്തുകൊണ്ടാണ് അവശ്യ സർവിസായി പ്രഖ്യാപിക്കാത്തതെന്ന് ഹൈകോടതി. അവശ്യ സർവിസായി പ്രഖ്യാപിച്ചാൽ നഴ്സുമാർക്ക് പിന്നെ സമരം ചെയ്യാനാവില്ല. അർഹമായ വേതനം ലഭിക്കുന്നില്ലെങ്കിൽ മറ്റ് നിയമപരമായ മാർഗങ്ങൾ തേടുകയാണ് വേണ്ടത്. രോഗികളുടെ ജീവൻ അപകടത്തിലാക്കി സമരത്തിനിറങ്ങാനാവില്ല. ഡോക്ടർമാരും നഴ്സുമാരും അഭിഭാഷകരും മറ്റും സമരം ചെയ്യാൻ പാടില്ലാത്ത ഗണത്തിൽ വരുന്നവരാണ്. ആവശ്യമെങ്കിൽ ജോലിസമയം കഴിഞ്ഞുവേണം സമരം നടത്താനെന്നും ജസ്റ്റിസ് ബെച്ചു കുര്യൻ തോമസ് അഭിപ്രായപ്പെട്ടു.

ശമ്പളവർധനക്കായി സ്റ്റാഫ് നഴ്സുമാർ സമരം നടത്തുന്നതിനിടെ ഇവർക്ക് പകരം തൃശൂരിലെ രണ്ട് സ്വകാര്യ ആശുപത്രികളിൽ നഴ്സിങ് വിദ്യാർഥികളടക്കമുള്ളവരെ നിയോഗിക്കുന്നതായി ആരോപിച്ച് യുനൈറ്റഡ് നഴ്സസ് അസോസിയേഷൻ നൽകിയ ഹരജി പരിഗണിക്കവേയാണ് കോടതിയുടെ പരാമർശമുണ്ടായത്.

2018 മുതൽ ന്യായമായ ശമ്പളം നിഷേധിക്കുന്നതിനാലാണ് സമരം നടത്തുന്നതെന്നടക്കം ചൂണ്ടിക്കാട്ടിയാണ് ഹരജി നൽകിയത്. മാർച്ച് ഒമ്പതിന് തുടങ്ങിയ സമരത്തിനൊപ്പമാണ് 70 ശതമാനത്തിലധികം നഴ്സുമാരുമുള്ളത്. ചർച്ചയിലൂടെ പ്രശ്നപരിഹാരത്തിന് ശ്രമിക്കാതെ യോഗ്യതയില്ലാത്തവരെയും നഴ്സിങ് വിദ്യാർഥികളെയും ഐ.സി.യുവിലടക്കം ഉപയോഗിക്കുന്നത് തടയാൻ നടപടി സ്വീകരിക്കണമെന്നാണ് ഹരജിയിലെ ആവശ്യം.

ആശുപത്രി മാനേജ്മെന്റ് മതിയായ ശമ്പളം നൽകുന്നില്ലെന്ന ആരോപണത്തെ ന്യായീകരിക്കുന്നില്ലെങ്കിലും സമരം ചെയ്യാൻ നഴ്സുമാർക്ക് അവകാശമില്ലെന്ന് ചൂണ്ടിക്കാട്ടുകയാണെന്ന് കോടതി വ്യക്തമാക്കി. സർക്കാറിന്റെ വിശദീകരണം തേടിയ കോടതി ഹരജി ആറാഴ്ചക്കുശേഷം പരിഗണിക്കാൻ മാറ്റി.

ചികിത്സ പിഴവെന്ന്

കുത്തിവെപ്പിനിടെ വീട്ടമ്മയുടെ ദേഹത്ത് സൂചി കുടുങ്ങി

» സംഭവം ഒരുവർഷം മുമ്പ് കോഴഞ്ചേരി ജില്ല ആശുപത്രിയിൽ; സൂചിയുടെ ഭാഗം കഴിഞ്ഞ ദിവസം പുറത്തെടുത്തു

സൂചി വയറ്റിൽ കുടുങ്ങിയതിന്റെ എക്സ്റേയുമായി വത്സല

പത്തനംതിട്ട: കോഴഞ്ചേരി ജില്ല ആശുപത്രിയിൽ കുത്തിവെപ്പിനിടെ വയോധികയുടെ ശരീരത്തിൽ സൂചിയുടെ ഭാഗം കുടുങ്ങിയതായി പരാതി. ഒരുവർഷം മുമ്പ് ഭക്ഷ്യവിഷബാധയെ തുടർന്ന് ചികിത്സതേടി ആശുപത്രിയിലെത്തിയ ആറന്മുള ഇടശ്ശേരിമല മണക്കാലിൽ വത്സലക്കാണ് (62) ദുരനുഭവം.

കുത്തിവെപ്പിനിടെ സൂചിയുടെ ഒരുഭാഗം ശരീരത്തിനുള്ളിൽ കുടുങ്ങുകയായിരുന്നുവെന്നും ആശുപത്രി അധികൃതരുടെ ഭാഗത്തുനിന്ന് ചികിത്സ പിഴവുണ്ടായെന്നും വത്സല ആരോപിക്കുന്നു. കുത്തിവെച്ച ഇടുപ്പ് ഭാഗത്ത് പിന്നീട് തടിപ്പുണ്ടായിരുന്നു. അന്നുമുതൽ വേദന അനുഭവിക്കുകയാണ്. അസഹ്യമായ വേദനയെ തുടർന്ന് കഴിഞ്ഞ ചൊവ്വാഴ്ച ആശുപത്രിയിൽ ചെന്നപ്പോൾ നടത്തിയ എക്സ്റേ പരിശോധയിലാണ് സൂചി കണ്ടെത്തിയത്.

ശരീരത്തിനുള്ളിൽ കുടുങ്ങിയ സൂചിയുടെ ഭാഗം നീക്കാൻ വ്യാഴാഴ്ച ശസ്ത്രക്രിയ നടത്തിയെങ്കിലും പൂർണമായി നീക്കം ചെയ്യാനായില്ല. പകുതിഭാഗമാണ് പുറത്തെടുത്തത്. ഇനി വേദന വരുമ്പോൾ ബാക്കി എടുക്കാമെന്ന് ഡോക്ടർമാർ പറഞ്ഞതായി വത്സല അറിയിച്ചു. ഇതിനിടെ, തയ്യൽ സൂചിയാണന്ന് വരുത്തിത്തീർക്കാൻ ഡോക്ടർമാർ ശ്രമിച്ചതായി വത്സല ആരോപിച്ചു. കാഴ്ചക്ക് തകരാറുള്ളതിനാൽ തയ്യൽ സൂചി ഉപയോഗിക്കാറില്ലെന്നും അവർ പറഞ്ഞു. ആരോഗ്യ മന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്തുമെന്നും നേരിട്ട് ഇടപെടുമെന്നും അബിൻ വർക്കി എം.എൽ.എ അറിയിച്ചു.

അന്വേഷണത്തിന് നിർദേശം

പത്തനംതിട്ട: കോഴഞ്ചേരി ജില്ല ആശുപത്രിയിലെ ചികിത്സ പിഴവിൽ അന്വേഷണത്തിന് നിർദേശം നൽകി ആരോഗ്യ മന്ത്രി. ഡി.എം.ഒ അന്വേഷിച്ച് റിപ്പോർട്ട് നൽകാനാണ് നിർദേശം. വിഷയം അന്വേഷിക്കണമെന്നാവശ്യപ്പെട്ട് അബിൻ വർക്കി എം.എൽ.എ ആരോഗ്യ മന്ത്രി കെ. മുരളീധരനെ നേരിൽ കണ്ട് കത്ത് നൽകിയതിനെ തുടർന്നാണ് ഇടപെടൽ.

സാംസ്കാരിക ക്ഷേമനിധി ബോർഡ് ചെയർമാൻ മധുപാൽ രാജിവെച്ചു

തിരുവനന്തപുരം: സംസ്ഥാന സാംസ്കാരിക പ്രവർത്തന ക്ഷേമനിധി ബോർഡ് ചെയർമാൻ സ്ഥാനമൊഴിഞ്ഞ് നടൻ മധുപാൽ. ഭരണ മാറ്റത്തെ തുടർന്നാണ് രാജി. 2022 മാർച്ചിലാണ് ചെയർമാനായി ചുമതലയേറ്റത്. നാലുവർഷമാണ് കാലാവധി. 2023ൽ ബോർഡ് പുനഃസംഘടിപ്പിച്ചിരുന്നു. ഇതനുസരിച്ച് 2027വരെ കാലാവധിയുണ്ട്. എന്നാൽ, രാഷ്ട്രീയ നിയമനമായതിനാൽ ഭരണം മാറുമ്പോൾ രാജിവെക്കുന്നതാണ് മര്യാദയെന്ന് മധുപാൽ പറഞ്ഞു.

അവയവക്കടത്ത്: ഒരാൾ കൂടി പിടിയിൽ

കരിമുകൾ (എറണാകുളം): അന്തർസംസ്ഥാന അവയവക്കടത്ത് കേസിൽ ഒരാൾ കൂടി പിടിയിൽ. കോട്ടയം വാഴൂർ സ്വദേശിനി മായയെ (48) ആണ് അമ്പലമേട് പൊലീസ് പിടികൂടിയത്.

കൃത്രിമരേഖ ഉണ്ടാക്കുന്നതിന് സഹായം ചെയ്തതിനാണ് ഇവർ അറസ്റ്റിലായത്. ഇതിനകം അവയക്കടത്ത് കേസിൽ മുഖ്യപ്രതി നജീബും ഭാര്യ റഷീദയും അടക്കം 11 പേരാണ് അറസ്റ്റിലായത്.

കഴിഞ്ഞ ദിവസം കൂട്ടുപ്രതികളെ അമ്പലമേട് പൊലീസ് കസ്റ്റഡിയിലെടുത്ത് ചോദ്യം ചെയ്തിരുന്നെങ്കിലും കൂടുതൽ വിവരങ്ങൾ ലഭിച്ചില്ലെന്നാണ് സൂചന.

വെള്ളിയാഴ്ച അറസ്റ്റിലായ മായ കൃത്രിമരേഖ ഉണ്ടാക്കുന്നതിന് റേഷൻ കാർഡ് നജീബിന് നൽകുകയായിരുന്നു.

ഇത് ഉപയോഗിച്ച് നജീബ് കൃത്രിമരേഖ ഉണ്ടാക്കി.

അതിന് ഭാര്യ റഷീദയുടെ സഹായം ലഭിച്ചിട്ടുണ്ട്. പലതവണയായി നജീബ് മായക്ക് 25,000 രൂപ കൈമാറി.

ഇത്തരത്തിൽ പാവപ്പെട്ട നിരവധി പേർ നജീബിന്റെ വലയിൽ കുടുങ്ങുകയായിരുന്നു.

പെൺവാണിഭ കേസിൽ മുഖ്യസൂത്രധാരൻ റിമാൻഡിൽ

മരട്: ദുബൈ കേന്ദ്രീകരിച്ചുള്ള പെൺവാണിഭ കേസിൽ കഴിഞ്ഞ ദിവസം അറസ്റ്റിലായ മുഖ്യസൂത്രധാരൻ ബിലാൽ എന്ന ശ്രീകുമാറിനെ കോടതി റിമാൻഡ് ചെയ്തു. എറണാകുളം ഒന്നാം ക്ലാസ് മജിസ്ട്രേറ്റ് കോടതിയിൽ ഹാജരാക്കിയ പ്രതിയെ ജൂൺ അഞ്ച് വരെയാണ് റിമാൻഡ് ചെയ്തത്.

പിടിയിലാവരെല്ലാം രാജ്യാന്തര സെക്സ് റാക്കറ്റിന്റെ ഭാഗമാണെന്നും ബിലാൽ ഈ രംഗത്ത് കുറെക്കാലമായി പ്രവർത്തിക്കുന്നുണ്ടെന്നും പൊലീസ് പറഞ്ഞു. ബിലാലിന്റെ ഫോണിൽനിന്ന് നിരവധി യുവതികളുടെ ചിത്രങ്ങൾ പല ടെലഗ്രാം ഗ്രൂപ്പുകളിൽ ഷെയർ ചെയ്തതായും പൊലീസ് അറിയിച്ചു.

സിന്ധുവിന്റെ ഉടമസ്ഥതയിലുള്ള അലീസ ഇവന്റ്സ് എന്ന ഇവന്റ് മാനേജ്മെന്റ് കമ്പനി പരസ്യത്തിലും മറ്റും ആകൃഷ്ടരായി ഇക്കാര്യങ്ങളെകുറിച്ച് അറിയാൻ മാഫിയ സംഘവുമായി സംസാരിച്ചിട്ടും ഇവർക്കൊപ്പം ചേരാൻ താൽപര്യപ്പെടാതിരുന്ന യുവതികളുടെ വീട്ടിൽ വാഗ്ദാനങ്ങളുമായി ചെന്നത് ബിലാലാണെന്ന് പറയുന്നു. ആലുവ സ്വദേശിയായ പരാതിക്കാരിയുടെ വീട്ടിലെത്തി സംസാരിച്ചതും ബിലാലാണെന്ന് കണ്ടെത്തിയിട്ടുണ്ട്. ഇവരിൽനിന്നും 4,70,000 രൂപ കൈപ്പറ്റിയാണ് സിന്ധു ദുബൈയിലെത്തിച്ച് പെൺവാണിഭ സംഘത്തിന് കൈമാറിയത്.

ഇത്തരത്തിൽ ഒരു ഇടപാടിൽ നിന്നും 50,000 മുതൽ ഒരുലക്ഷം വരെ സിന്ധുവിനും ബിലാലിനും ലഭിക്കാറുണ്ടെന്ന് പൊലീസ് പറഞ്ഞു. ഇവരുടെ ഇടപാടിന് ആവശ്യമായ യുവതികളെ മഞ്ജിമയും അലീനയും കണ്ടെത്തിക്കൊടുക്കും. തുടർന്ന് അവരെ ദുബൈയിലെത്തിച്ച് സെക്സ് റാക്കറ്റിന് കൈമാറുകയാണ് സിന്ധുവും ബിലാലും ചെയ്തത്.

ബംഗളൂരുവിൽ 'പാറ്റ പാർട്ടി'യുടെ പ്രതിഷേധ പ്രകടനം; ജാഗ്രതയുമായി പൊലീസ്

ബംഗളൂരു: ഞായറാഴ്ച ടൗൺ ഹാളിന് സമീപം കർണാടക കൊക്രോച്ച് ജനതാ പാർട്ടി ആഹ്വാനം ചെയ്ത മനുഷ്യച്ചങ്ങലയുമായി ബന്ധപ്പെട്ട് മുന്നറിയിപ്പുമായി ബംഗളൂരു പൊലീസ്. സമൂഹ മാധ്യമ സന്ദേശങ്ങൾ പ്രചരിപ്പിക്കുകയോ പരിപാടിയിൽ പങ്കെടുക്കുകയോ ചെയ്യുന്നതിനെതിരെയാണ് മുന്നറിയിപ്പ്.

പ്രതിഷേധ പ്രകടനം നടത്താൻ അപേക്ഷ ലഭിക്കുകയോ അനുമതി നൽകുകയോ ചെയ്തിട്ടില്ല- പൊലീസ് വൃത്തങ്ങൾ അറിയിച്ചു.

ഹൈകോടതി ഉത്തരവ് പ്രകാരം ഫ്രീഡം പാർക്ക് ഒഴികെയുള്ള സ്ഥലങ്ങളിൽ പ്രതിഷേധങ്ങളോ റാലികളോ പാടില്ല. ഉത്തരവ് ലംഘിച്ച് ടൗൺ ഹാളിന് മുന്നിൽ ഒത്തുചേരൽ അനുവദിക്കില്ല -പൊലീസ് പറഞ്ഞു.

ഞായറാഴ്ച രാവിലെ 11ന് ടൗൺ ഹാളിൽ നടക്കുന്ന മനുഷ്യച്ചങ്ങലയിൽ പങ്കെടുക്കാൻ ആഹ്വാനം ചെയ്തുള്ള പോസ്റ്റ് വ്യാപകമായി പ്രചരിച്ചിരുന്നു. ''ഓൺലൈനിൽ മാത്രമല്ല, തെരുവുകളിലും പാറ്റകളുടെ ശക്തി കാണിക്കണം. ഇവിടെ നേതാക്കളില്ല; നമ്മൾ തന്നെയാണ് നേതാക്കൾ. ഇവിടെ സംഘടനയില്ല, കൈകോർക്കുന്ന ആളുകൾ തന്നെയാണ് സംഘടന''- എന്ന പോസ്റ്റാണ് വൈറലായത്.

തേങ്ങക്ക് സങ്കടകാലം; ചിരട്ടക്ക് തിരിച്ചും

» എട്ടു മാസത്തിനിടെ 50 ശതമാനം വിലക്കുറവ്

പി. ഷൈജു

മലപ്പുറം: സംസ്ഥാനത്ത് സമീപകാലത്തെ ഏറ്റവും വലിയ വിലയിടിവിൽ നാളികേരം. ഇത് കർഷകർക്ക് വലിയ പ്രതിസന്ധിയാണ് സൃഷ്ടിച്ചിരിക്കുന്നത്. അതേസമയം, ആരും ഗൗനിക്കാതെ കളഞ്ഞിരുന്ന ചിരട്ടക്ക് വില കുത്തനെ കൂടുകയും ചെയ്യുന്നു. നാളികേരവില എട്ടു മാസത്തിനിടെ ഏതാണ്ട് പകുതിയായാണ് കുറഞ്ഞത്.

പൊതിച്ച നാളികേരത്തിന് ഇപ്പോഴത്തെ വിപണിവില കിലോക്ക് 42 രൂപയാണ്. ചിരട്ടക്ക് കിലോക്ക് 32 രൂപ വരെ ലഭിക്കുന്നുണ്ട്. എട്ടു മാസം മുമ്പ് നാളികേരവില ഉയർന്ന് റെക്കോഡ് വിലയായ കിലോക്ക് 82 രൂപയിലെത്തിയിരുന്നു. അവിടന്നിങ്ങോട്ട് പടിപടിയായി വില ഇടിയുകയായിരുന്നു. തേങ്ങവിലക്ക് ആനുപാതികമായി കൊപ്രക്കും വെളിച്ചെണ്ണക്കും വിലയിടിഞ്ഞിട്ടുണ്ട്. കിലോക്ക് 255 രൂപ വരെ ലഭിച്ചിരുന്ന കൊപ്രക്ക് 145 രൂപയാണ് ഇപ്പോഴത്തെ വില. സംസ്ഥാനത്തും തമിഴ്നാട്ടിലും നാളികേര ഉൽപാദനം വൻതോതിൽ വർധിച്ചതാണ് വിലയിടിയാൻ പ്രധാന കാരണം.

പശ്ചിമേഷ്യൻ യുദ്ധം കാരണം നാളികേര ഉൽപന്നങ്ങളുടെ കയറ്റുമതി കുറഞ്ഞതും വിലയിടിവിന് കാരണമായി. അതേസമയം, ചിരട്ട കത്തിച്ചുണ്ടാക്കുന്ന കരി വിവിധ ഉൽപന്നങ്ങൾ നിർമിക്കാൻ ഉപയോഗിക്കുന്നതിനാൽ വിപണിയിൽ ആവശ്യക്കാരേറെയാണ്. അതിനാൽതന്നെ നല്ല വിലയും ലഭിക്കുന്നുണ്ട്. ചിരട്ടക്കരി സംസ്കരിച്ച് നിർമിക്കുന്ന ആക്ടിവേറ്റഡ് കാർബൺ ചർമസംരക്ഷണത്തിനായുള്ള സൗന്ദര്യവർധക വസ്തുക്കളിലും വായുവും വെള്ളവും ശുദ്ധീകരിക്കുന്ന ഫിൽട്ടറുകളിലും വ്യാപകമായി ഉപയോഗിക്കുന്നുണ്ട്.

മോതിരം, വളകൾ, വിവിധതരം അലങ്കാരവസ്തുക്കൾ, പൂപ്പാത്രങ്ങൾ, വിളക്കുകൾ എന്നിവ നിർമിക്കാനും ചിരട്ട ഉപയോഗിക്കുന്നു. വിദേശ രാജ്യങ്ങളിലേക്ക് ചിരട്ടക്കരി വലിയ തോതിൽ കയറ്റുമതി ചെയ്യുന്നതും ചിരട്ടവില വർധനക്ക് ഒരു കാരണമാണ്.

» വിപണി

സ്വർണ വില കുറഞ്ഞു

കോഴിക്കോട്: സ്വർണവില പവന് 320 രൂപ കുറഞ്ഞു. വെള്ളി വില കൂടി

സ്വർണം	116960
തങ്കം	150300
വെള്ളി	274500

മലപ്പുറം

പുലാമന്തോൾ അടക്ക	
പുതിയത്	40,000-43,000
പഴയത്	39,000-42,500
രണ്ടാംതരം	26,500- 36,500
കിഴിശ്ശേരി അടക്ക	
അടക്ക പുതിയത്	35600-45100
പഴയത്	36700-44,500
രണ്ടാംതരം	19600 -32400
മലഞ്ചരക്ക്	
കുരുമുളക്	66,000
നാളികേരം	4380
കൊപ്ര	14200
കൊട്ടടക്ക	34,000-40,000
കശുവണ്ടി	13800
പൊതുവിപണി	
പഞ്ചസാര	4230.00
വെളിച്ചെണ്ണ 10 Ltr	3200.00
ഓയിൽ 10 kg	1400.00
സൺഫ്ലവർ 10 kg	1660.00
എള്ളെണ്ണ	2,400.00
നല്ലെണ്ണ	2350.00
വെല്ലം (30 കിലോ)	1560.00
ഉഴുന്ന് (കിലോ)	104.00
മണിക്കടല (കിലോ)	68.00
മസൂർ യെല്ലോ (കിലോ)	90
പട്ടാണി (കിലോ)	108
ചെറുപയർ (കിലോ)	100.00
പരിപ്പ്	10,300
അരി	
ബോധന	42.00
കുറുവ (ആന്ധ്ര)	33.00
കുറുവ (തമിഴ്നാട്)	38.50
കുറുവ (ഒന്നാംതരം)	40.00
കുറുവ (രണ്ടാംതരം)	39.00
കുറുവ (മൂന്നാംതരം)	3900.00
സുരേഖ (ഫസ്റ്റ്)	4550.00
സുരേഖ (സെക്കന്റ്)	46.00
ജയ (ഫസ്റ്റ്)	4550.00
ജയ (സെക്കൻഡ്)	41.00
മട്ട (ഡബിൾ)	4,650.00
മട്ട (സിംഗിൾ)	4,700.00
പച്ചരി	2900.00
മല്ലി (കിലോ)	131.00
മുളക് (കിലോ)	220.00
മസൂർ യെല്ലോ (കിലോ)	84.00
മഞ്ഞൾ (കിലോ)	175

റബർ ബോർഡ് വില

കോട്ടയം	
ആർ.എസ്.എസ്–4	25400
ആർ.എസ്.എസ്–5	25100
ഐ.എസ്.എൻ.ആർ-20	20800
ലാറ്റക്സ് 60% drc)	16060

Safa
GOLD & DIAMONDS
+91 8157 882 916

കനറാ ബാങ്ക് केनरा बैंक Canara Bank
Syndicate

കനറാ ബാങ്ക്, സ്പെഷ്യലൈസ്ഡ് എ. ആർ. എം. ശാഖ, കോഴിക്കോട്
നാഷണൽ ആശുപത്രിക്ക് എതിർവശം, ഫൗ ബിൽഡിംഗ്, രൂചി ഭവന് സമീപം, മാവൂർ റോഡ്, കോഴിക്കോട്–673001, Ph: 9188406941
Email: cb7594@canarabank.com

വിൽപന നോട്ടീസ്

സെക്യൂരിറ്റി ഇന്ററസ്റ്റ് എൻഫോഴ്സ്മെന്റ് റൂൾസ് 2002ലെ റൂൾ 8(6) പ്രകാരമുള്ള സ്ഥാവര വസ്തുക്കളുടെ ഇ–ലേല വിൽപന നോട്ടീസ്. (ഓൺലൈൻ മുഖാന്തിരം)

കനറാ ബാങ്കിന് താഴെ പറയുന്ന വായ്പക്കാർ/ജാമ്യക്കാരിൽ നിന്ന് ഈടായി കിട്ടുവാനുള്ള രൂപയ്ക്കും പലിശയ്ക്കും മറ്റ് ചിലവുകൾക്കും വേണ്ടി ബാങ്കിൽ പണയപ്പെടുത്തിയ / ചാർജ്ജുള്ളതുമായ വസ്തുക്കൾ **കനറാ ബാങ്കിന്റെ** അധികാരപ്പെട്ട ഉദ്യോഗസ്ഥൻ പ്രതീകാത്മകമായി/പ്രത്യക്ഷമായി കൈവശപ്പെടുത്തിയതാകുന്നു. സ്ഥാവര വസ്തുക്കളുടെ നിലവിലുള്ള സ്ഥിതിയിൽ അതായത് "**എവിടെയാണോ**" "**എങ്ങനെയാണോ**" "**ഏതൊക്കെയാണോ**" എന്ന അടിസ്ഥാനത്തിൽ താഴെ പറയുന്ന തീയതികളിൽ വിൽപന നടത്തുന്ന വിവരം വായ്പക്കാരെയും ജാമ്യക്കാരെയും പൊതുജനങ്ങളെയും അറിയിച്ചുകൊള്ളുന്നു.

നം. 1 വായ്പക്കാർ/സഹ വായ്പക്കാരുടെ പേരും വിലാസവും: **M/s പുളിക്കൽ സ്റ്റോഴ്സ്**, പ്രൊപ്രൈറ്റർ: മുജീബ് റഹ്മാൻ, 18/841, പുളിക്കൽ, വണ്ടൂർ, മലപ്പുറം-679328, **ശ്രീ. മുജീബ് റഹ്മാൻ.കെ,** S/o അബ്ദുറഹിമാൻ, കാപ്പിൽ ഹൗസ്, വണ്ടൂർ പി.ഒ, പുളിക്കൽ, മലപ്പുറം-679238, **ശ്രീമതി. സിർദാര.എം,** W/o മുജീബ് റഹ്മാൻ.കെ, കാപ്പിൽ ഹൗസ്, വണ്ടൂർ പി.ഒ, പുളിക്കൽ, മലപ്പുറം-679238
കുടിശ്ശിക തുക: 21.05.2026 ലെ **രൂപ 84,35,420.80 (എൺപത്തി നാല് ലക്ഷത്തി മുപ്പത്തി അയ്യായിരത്തി നാനൂറ്റി ഇരുപത് രൂപ എൺപത് പൈസ)** യും പലിശയും മറ്റ് ചാർജ്ജുകളും
സ്ഥാവര വസ്തുവിന്റെ വിശദവിവരണം: മലപ്പുറം ജില്ലയിൽ, നിലമ്പൂർ താലൂക്കിൽ, വണ്ടൂർ വില്ലേജിൽ, റീ.സർവേ നം. 207/9-2 ൽ പെട്ട ശ്രീ.മുജീബ് റഹ്മാന്റെ പേരിലുള്ള 3.18 ആർസ് സ്ഥലവും അതിലിരിപ്പ് താമസയോഗ്യമായ കെട്ടിടവും അതിലുള്ള സകലവിധ അവകാശങ്ങളും കൂടിയാകുന്നു. **അതിരുകൾ (യഥാർത്ഥ പരിശോധന പ്രകാരം): കിഴക്ക്:** പഞ്ചായത്ത് റോഡ്; **വടക്ക്:** മുഹമ്മദ് വക വസ്തു, **തെക്ക്:** അബ്ദുൾ ജബ്ബാർ വക വസ്തു, **പടിഞ്ഞാറ്:** അബ്ദുൾ സലാം വക വസ്തു.
തറവില: **രൂപ 75,60,000/-** | നിരതദ്രവ്യ തുക: **രൂപ 7,56,000/-**

നം. 2 വായ്പക്കാർ/സഹ വായ്പക്കാരുടെ പേരും വിലാസവും: **M/s സമിറ്റ് മെറ്റൽസ്** പ്രതിനിധീകരിച്ച് അതിന്റെ മാനേജിംഗ് പാർട്ണർ **ശ്രീ. കുന്നത്ത് മൂസ,** S/o പരേതനായ മമ്മദ് ഹാജി, **ശ്രീ. മുഹമ്മദ് ഷംസുദ്ദീൻ,** S/o പരേതനായ മമ്മദ് ഹാജി, ജാമ്യക്കാരനായ **ശ്രീ. മുഹമ്മദ് നജ്മുദ്ദീൻ,** S/o പരേതനായ മമ്മദ് ഹാജി, പണയക്കാരനായ **ശ്രീ. കെ. കമറുദ്ദീൻ,** S/o പരേതനായ മമ്മദ് ഹാജി, എല്ലാവരും താമസം: കുന്നത്ത് വീട്, തിരുക്കാട് പോസ്റ്റ്, മലപ്പുറം.
കുടിശ്ശിക തുക: 21.05.2026 ലെ **രൂപ 28,27,78,626.89 (ഇരുപത്തി എട്ട് കോടി ഇരുപത്തിയേഴ് ലക്ഷത്തി എഴുപത്തി എണ്ണായിരത്തി അറുന്നൂറ്റി ഇരുപത്തിയാറ് രൂപ എൺപത്തി ഒൻപത് പൈസ)** യും പലിശയും മറ്റ് ചാർജ്ജുകളും
സ്ഥാവര വസ്തുവിന്റെ വിശദവിവരണം: മലപ്പുറം ജില്ലയിൽ, പെരിന്തൽമണ്ണ താലൂക്കിൽ, പുഴക്കാട്ടിരി വില്ലേജിൽ, രാമപുരം ദേശം, ശ്രീ. മുഹമ്മദ് കമറുദ്ദീന്റെ പേരിലുള്ള സർവേ നം. 66/3,80/3,8 & 9/6ൽ പെട്ട 16.28 ആർസ് (40.25 സെന്റ്) സ്ഥലവും അതിലുള്ള സകലവിധ അവകാശങ്ങളും കൂടിയാകുന്നു. **അതിരുകൾ: കിഴക്ക്:** സൈനബ & സുനിൽ വക വസ്തു; **വടക്ക്:** എൻഎച്ച് 213, സൈനബ & സുനിൽ വക വസ്തു; **തെക്ക്:** കമറുദ്ദീൻ വക ബാക്കി വസ്തു, നിലം; **പടിഞ്ഞാറ്:** ഫൈസൽ വക വസ്തു, നിലം.
തറവില: **രൂപ 1,30,10,000/-** | നിരതദ്രവ്യം: **രൂപ 13,01,000/-**

നം. 3 വായ്പക്കാർ/സഹ വായ്പക്കാരുടെ പേരും വിലാസവും: **M/s Q നൈൻത് സിറാമിക്സ്, മാനേജിംഗ് പാർട്ണർ: ശ്രീ. കുന്നത്ത് മൂസ, ജാമ്യക്കാർ: ശ്രീ. കെ. ഷംസുദ്ദീൻ, ശ്രീ. മുഹമ്മദ് കമറുദ്ദീൻ & ശ്രീ. മുഹമ്മദ് നൂറുദ്ദീൻ**
കുടിശ്ശിക തുക: 21.05.2026 ലെ **രൂപ 29,89,40,495.86 (ഇരുപത്തി ഒൻപത് കോടി എൺപത്തി ഒൻപത് ലക്ഷത്തി നാൽപതിനായിരത്തി നാനൂറ്റി തൊണ്ണൂറ്റിയഞ്ച് രൂപ എൺപത്തിയാറ് പൈസ)** യും പലിശയും മറ്റ് ചാർജ്ജുകളും
സ്ഥാവര വസ്തുവിന്റെ വിശദവിവരണം: 17.11.2000 ലെ 3509/2000-ാം നമ്പർ വിലയാധാര പ്രകാരം മലപ്പുറം ജില്ലയിൽ, വലമ്പൂർ വില്ലേജിൽ, ശ്രീ. കുന്നത്ത് മൂസ & ശ്രീ.കെ.ഷംസുദ്ദീൻ എന്നിവരുടെ പേരിലുള്ള സർവേ നം. 57/12 ൽ പെട്ട 204.85 ആർസ് സ്ഥലവും അതിലുള്ള സകലവിധ അവകാശങ്ങളും കൂടിയാകുന്നു. **അതിരുകൾ (ആധാരപ്രകാരം): വടക്ക്:** കുണ്ടിയാൻ മല പറമ്പ്, **തെക്ക്:** പറക്കാട്ട് കുന്ന് തെക്കേ ചെരുവ്, **കിഴക്ക്:** തോന്നിക്കര കുന്ന് നിരവ്; **പടിഞ്ഞാറ്:** മേലേവിളാകത്തിൽ മുഹമ്മദ് ഹാജി കൈവശം സ്ഥലം.
തറവില: **രൂപ 43,60,000/-** | നിരതദ്രവ്യം: **രൂപ 4,36,000/-**

നം. 4 വായ്പക്കാർ/സഹ വായ്പക്കാരുടെ പേരും വിലാസവും: **ശ്രീ. വരുൺ പി.പി,** S/o. രാമചന്ദ്രൻ പി.പി, കൊടക്കാട് പൊറ്റയിൽ ഹൗസ്, കൊട്ടുകര, കൊണ്ടോട്ടി, മലപ്പുറം-673638, **ശ്രീമതി. അനിലശ്രീ. ബി. പി,** D/o.വേണുഗോപാലൻ, ഭഗവതിപറമ്പത്ത് ഹൗസ്, ചീക്കോട്, പൊന്നാട്, മലപ്പുറം-673638, **ശ്രീ. രാമചന്ദ്രൻ പി. പി,** S/o. വേലായുധൻ നായർ പി.പി., കൊടക്ക